പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4590

21.03.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോ വലിയതുറ ജില്ലാ ഡിപ്പോയിലെ സ്റ്റോക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയുടെ വലിയതുറയിലെ ജില്ലാ ഡിപ്പോ നോൺ മാവേലി ഗോഡൗണിൽ, ഗ്ലാക്സോ കമ്പനി യുടെ ഉല്പന്നങ്ങൾ വൻതോതിൽ തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര രൂപയുടെ സ്റ്റോക്ക് കുറവാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ; | (ബി) 3,53,246.42/- (മൂന്ന് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റിനാൽപ്പത്തിയാറ് രൂപ നാൽപ്പത്തി രണ്ട് പൈസ മാത്രം) രൂപയുടെ സ്റ്റോക്കിന്റെ കുറവാണ് പരിശോധനയിൽ കണ്ടെത്തിയത്. |
| (സി) സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിൽ ജാഗ്രത കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഡിപ്പോ മാനേജരുടെ വിശദീകരണം ലഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. ഡിപ്പോ മാനേജരുടെ വിശദീകരണം ലഭ്യമായിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ വിവരം വെളിപ്പെടുത്താമോ ? | (ഡി) ഉണ്ട്. സപ്ലൈകോ വിജിലൻസ് തിരുവനന്തപുരം ജില്ലാ ഡിപ്പോയിൽ പരിശോധന നടത്തുകയും 3,53,246.42/- രൂപയുടെ Glaxo Smithkline ഉൽപ്പന്നങ്ങളുടെ കുറവ് കണ്ടെത്തുകയും ടി തുക ഗ്ലാക്സോ കമ്പനിയുടെ പേമെന്റിൽ കുറവ് വരുത്തി വിഷയം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ